# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 961 — 06.06.2018-ൽ മറുപടിയ്ക്ക്

### ബൈപാസിനു വേണ്ടി മുറിച്ച് മാറ്റിയവക്ക് പകരം മരങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. വിൻസെന്റ് | അഡ്വ: കെ. രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) കഴക്കൂട്ടം-മുക്കോല ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് മരങ്ങൾ മുറിച്ചുമാറ്റിയതിന് പകരമായി എത്ര മരങ്ങൾ വച്ച് പിടിപ്പിക്കുന്നതിനാണ് തീരുമാനം എടുത്തിട്ടുള്ളതെന്നും എത്ര മരങ്ങൾ വച്ച് പിടിപ്പിച്ചുവെന്നും അറിയിക്കുമോ; | എ) കഴക്കൂട്ടം-മുക്കോല ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട്മുറിച്ച് മാറ്റിയ മരങ്ങൾക്കു പകരമായി കഴക്കൂട്ടം സൈനിക സ്കൂൾ കോമ്പൗണ്ടിൽ 32000 വൃക്ഷ തൈകളും ഗ്രീൻഫീൽഡ് സ്റ്റേഡിയം ഭാഗത്തു 2000 വൃക്ഷ തൈകളും വച്ചുപിടിപ്പിച്ചിട്ടുണ്ട് |
| ബി) വിഴിഞ്ഞം നിർമ്മാണ പദ്ധതി പ്രദേശത്ത് മുറിക്കുന്ന മരങ്ങൾക്ക് പകരം വൃക്ഷതൈ വച്ച് പിടിപ്പിക്കുവാൻ വനം വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയാണ് പ്രസ്തുത മരങ്ങൾ വച്ച് പിടിപ്പിക്കുന്നത്; വ്യക്തമാക്കുമോ; | ബി) വിഴിഞ്ഞം തുറമുഖ നിർമാണവുമായി ബന്ധപ്പെട്ട മുറിച്ച് മാറ്റുന്ന മരങ്ങൾക്കു പകരമായി കഴക്കൂട്ടം സൈനിക സ്കൂൾ കോമ്പൗണ്ടിൽ 16840 വൃക്ഷ തൈകൾ വച്ചുപിടിപ്പിക്കാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട് . |
| (സി) ബൈപ്പാസ് നിർമ്മാണത്തിന് വേണ്ടി മുറിച്ച മരങ്ങൾക്ക് പകരം മരങ്ങൾ വച്ച് പിടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ള സ്ഥലത്ത് തന്നെയാണോ പ്രസ്തുത മരങ്ങളും നടുന്നത് എന്ന് വ്യക്തമാക്കുമോ;? | (സി) ബൈപ്പാസ് നിർമ്മാണത്തിന് വേണ്ടി മുറിച്ച മരങ്ങൾക്ക് പകരം മരങ്ങൾ വച്ച് പിടിപ്പിച്ചതിന് ശേഷം കഴക്കൂട്ടം സൈനിക സ്കൂളിൽ കൂടുതലായി ലഭ്യമായ സ്ഥലത്താണ് വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട മുറിച്ചുമാറ്റിയ മരങ്ങൾക്കു പകരമായി 16840 വൃക്ഷ തൈകൾ വച്ചുപിടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ളത് |

സെക്ഷൻ ഓഫീസർ